DESPATCHED On 25/01/2020

13.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **AP 747(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.2858/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കൈനിക്കര അബ്ദു റഹിമാൻ,
S/o മമ്മി,
നോർത്ത് അന്നാര,
തിരൂർ പി.ഒ, തിരൂർ,
മലപ്പുറം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & റവന്യു ഇൻസ്പെക്ടർ,
   തിരൂർ നഗരസഭ,
   തൃക്കണ്ടിയൂർ പി.ഒ., തിരൂർ – 676 104.
2. അപ്പീൽ അധികാരി & സെക്രട്ടറി,
   തിരൂർ നഗരസഭ,
   തൃക്കണ്ടിയൂർ പി.ഒ., തിരൂർ – 676 104.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | തീയതി രേഖപ്പെടുത്തിയിട്ടില്ല |
| മറുപടി ലഭ്യമാക്കിയ തീയതി | 26.12.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.1.2018 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 14.2.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.3.2018 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 21.3.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 9.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി.അപ്പീൽ ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കൈനിക്കര അബ്ദു റഹിമാൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി വ്യക്തമായ മറുപടി നൽകിയില്ലെന്നും ബന്ധപ്പെട്ട പകർപ്പുകൾ

ആവശ്യപ്പെട്ടപ്പോൾ അവ നൽകാൻ കഴിയില്ലെന്നാണ് അറിയിച്ചത് എന്നും അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയെങ്കിലും അപ്പീൽ തീർപ്പു കൽപ്പിച്ചത് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് അല്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. 5.5.2017 ൽ ആർഐ 10367/17 പ്രകാരമുള്ള പരാതിയിൽ എന്തു നടപടി സ്വീകരിച്ചു എന്നും നടപടി സ്വീകരിച്ചില്ലെങ്കിൽ പരാതിക്കാരനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും

ii. ആർഐ 9781/17 ലെ നോട്ടീസ് പ്രകാരം 25.7.2017 ന് നടത്തിയ ഹിയറിംഗിൽ എന്തു നടപടി സ്വീകരിച്ചു എന്നും ആയതിന്റെ ആർഐ റിപ്പോർട്ട്, ആർഒ റിപ്പോർട്ട്, സെക്രട്ടറിയുടെ റിപ്പോർട്ട് തുടങ്ങിയവയുടെ പകർപ്പ് നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി നൽകിയില്ലെന്നും നൽകിയ മറുപടി വ്യക്തമല്ലെന്നും ടിയാന്റെ അപേക്ഷയിലെ 3-ാം ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി വ്യക്തമല്ലെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ഒന്നാം ഇനത്തിൽ ചൂണ്ടിക്കാട്ടിയ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ നേരിൽ കേൾക്കുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നു എന്നും നിയമാനുസൃത ഫീസ് അടവാക്കുന്ന മുറയ്ക്ക് പകർപ്പ് അനുവദിക്കുന്നതാണെന്നും 3-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, ഫയൽ പരിശോധനയിൽ, 6/305 മുതൽ 6/337 വരെ, 6/305 എ മുതൽ 305 എൻ വരെ, 6/307 എ മുതൽ 307 എൻ വരെ, 6/308 എ, 6/321എ, 6/332 എ മുതൽ 6/332 ഒ, 6/526, 527, 6/332 എ(1) എന്നീ നമ്പർ കെട്ടിടങ്ങളുടെ ജമ, മുഹമ്മദ് അബ്ദു റഹിമാൻ കൈനിക്കര എന്നാണ് നിൽക്കുന്നത് എന്നും ചോദ്യം 4-ലെ വിഷയം നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾക്ക് ഒടുക്കേണ്ടിയിരുന്ന തുക എത്രയാണെന്നു വ്യക്തമാക്കാതെ നഗരസഭയിൽ വന്ന് പരിശോധിക്കാവുന്നതാണെന്നാണ് അറിയിച്ചതായി കാണുന്നത്. ഹർജിക്കാരന്റെ

അപേക്ഷയിലെ രണ്ടാം ഇനം സംബന്ധിച്ചും അത്തരത്തിലുള്ള മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. വിവരാവകാശ നിയമത്തിലെ 7(3)(എ) വകുപ്പു പ്രകാരമുള്ള വിശദമായ വിവരങ്ങൾ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സംബന്ധിച്ച് നൽകിയിട്ടില്ലാത്തതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ഹർജിക്കാരന് സൗജന്യമായി അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. 3-ാം ഇനം സംബന്ധിച്ച് ഒന്നാം അപ്പീൽ അധികാരി വ്യക്തമായ വിവരം നൽകിയിട്ടുള്ളതായി കാണുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk